**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **02-03-2023 - ൽ മറുപടിയ്ക്ക്**

**മാരക രോഗങ്ങൾ മൂലം തുടർ ചികിത്സയിലുള്ളവർക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ, കിഡ്നി രോഗങ്ങൾ മൂലം തുടർ ചികിത്സയിലുള്ള എത്ര പേർക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും പ്രതിമാസ സാമ്പത്തിക സഹായം അനുവദിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന സമാശ്വാസം പദ്ധതി - 1 പ്രകാരം (ഡയാലിസിസിന് വിധേയരാകുന്നവർക്ക്) പ്രതിമാസം 1100/- രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റും, അനുബന്ധ രേഖകളും സമർപ്പിച്ച 1527 ഗുണഭോക്താക്കൾക്ക് 2022 നവംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>സമാശ്വാസം പദ്ധതി-2 പ്രകാരം (വൃക്ക/ കരൾ എന്നീ അവയവങ്ങൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക്) പ്രതിമാസം 1000/- രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. (പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞ തിയതി മുതൽ 5 വർഷംവരെയാണ് ധനസഹായം അനുവദിക്കുന്നത്) .നടപ്പു സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റും, ബന്ധപ്പെട്ട രേഖകളും സമർപ്പിച്ച 47 ഗുണഭോക്താക്കൾക്ക് 2022 നവംബർ മാസംവരെയുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സഹായത്തിനായി ഈ വർഷം പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പുതിയ അപേക്ഷകൾ പരിശോധിച്ചു വരുന്നു |
| (സി) | പ്രസ്തുത രോഗങ്ങളിൽ നിന്നും മുക്തി നേടിയ വ്യക്തികൾക്ക് കഠിനാദ്ധ്വാനമുള്ള ജോലികൾ തുടർന്ന് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് താല്ക്കാലികമായി തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ